Mr. Speaker: That is a matter of opinion.

ശ്രീ. പി. നാണു: പാലിയം എസ്റ്റേറ്റ് ഭരണം എന്തുകൊണ്ടാണ് ഗവണ്മെണ്ട് ഏറ്റെടുത്തത്?

ശ്രീ. എ. ജെ. ജാൺ: അതിന്റെ മാനേജുമെണ്ടു് അതിലേയ്ക്കു് ആവശ്യപ്പെട്ടതുകൊണ്ടു്.

ശ്രീ. പി. നാണു: അതിന്റെ ഭരണച്ചെലവുകൾ വഹിക്കുന്നതു് ആരാണു്?

ശ്രീ. എ. ജെ. ജാൺ: പാലിയം എസ്റ്റേറ്റുതന്നെയാണു്.

ശ്രീ. പി. നാണു: പാലിയം എസ്റ്റേറ്റിന്റെ ഭരണം നടത്തുന്നതിനു് എന്തെങ്കിലും കമ്മീഷൻ ഗവണ്മെണ്ടിനു കിട്ടുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഗവണ്മെണ്ടിൽനിന്നും ആ എസ്റ്റേറ്റിന്റെ ഭരണത്തിലേയ്ക്കു് യാതൊന്നും ചെലവാക്കുന്നില്ല. എന്തോ ഒരു കമ്മീഷൻ കിട്ടുന്നുണ്ടെന്നു തോന്നുന്നു. സൂക്ഷ്മം അറിഞ്ഞുകൂടാ.

ശ്രീ. പി. നാണു: പാലിയം എസ്റ്റേറ്റ് ഭാഗിച്ചു കൊടുക്കുന്നതിനുള്ള ചുമതല ഗവണ്മെണ്ടു് എന്തിനാണു് ഏറ്റെടുത്തതു്?

ശ്രീ. എ. ജെ. ജാൺ: പാലിയം അംഗങ്ങളും ഭാഗിച്ചു് കൊടുക്കണമെന്നു് ആവശ്യപ്പെട്ടതുകൊണ്ടു്.

ശ്രീ. പി. നാണു: അങ്ങനെ സ്വത്തു ഭാഗിച്ചു കൊടുക്കാൻ ആരെങ്കിലും ആവശ്യപ്പെട്ടാൽ ഗവണ്മെണ്ടു് അതു് ചെയ്യുമോ?

ശ്രീ. എ. ജെ. ജാൺ: അതു് ഗവണ്മെണ്ടു് ആലോചിച്ചു ചെയ്തുകൊള്ളും.

ശ്രീ. എം. ഐ. പാപ്പു: പാലിയം എസ്റ്റേറ്റ് എൻക്വയറി കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല. കഴിയുന്നതും വേഗത്തിൽ സമർപ്പിക്കണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. എം. ഐ. പാപ്പു. പാലിയം എസ്റ്റേറ്റ് വളരെക്കാലം ഗവണ്മെണ്ടു് വച്ചു നടത്തിപ്പോകുന്നതുകൊണ്ടു് അതു് ഭാഗിച്ചുകൊടുക്കേണ്ടതല്ലേ?

ശ്രീ. എ. ജെ. ജാൺ: അതുകൊണ്ടും കൂടിയാണു് അങ്ങനെ ചെയ്യുന്നതു്.

ശ്രീ. എ. താണുപിള്ള: പാലിയം എൻക്വയറി കമ്മിറ്റി എന്തിനാണു് രൂപീകരിച്ചിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ: അവിടെയുള്ള കുടിയാനവന്മാർക്കു പല വിഷമതകളും ഉണ്ടെന്നു് നിവേദനം നടത്തിയിരുന്നു. അതിനെപ്പറ്റിയും മറ്റും അന്വേഷിക്കുന്നതിനാണു് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള: കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണു്?

ശ്രീ. എ. ജെ. ജാൺ: ശ്രീ. കുഞ്ഞുണ്ണിരാജായാണു് കമ്മിറ്റിയുടെ ചെയർമാൻ. അംഗങ്ങൾ ശ്രീ. സി. നാരായണമേനോനും അവിടത്തെ തഹശിൽദാരുമാണെന്നാണു് എന്റെ ഓർമ്മ.

RICE SOLD PUBLICLY IN MARKET

*656. [18] **Sri. A M. Thomas:** Will the Hon'ble Minister for Civil Supplies be pleased to state.—

(*a*) is the Government aware that rice, without the requisite license, are sold publicly in the Trivandrum markets;

(*b*) if so, whether the Government has taken any action; and

(*c*) how much quantity of rice is a person allowed to carry without any permit?

Sri. Panampilli Govinda Menon:

(*a*) Some Hon'ble Members have made that statement to me.

(*b*) The system of procurement and rice distribution is intended to be changed.

(*c*) In Travancore area five Edangalis of rice or its equivalent in paddy is allowed to be carried within each Taluk without permit. In Cochin permit is required for the transport of any quantity of rice.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എം. തോമസ് : ഇങ്ങനെ ആക്ഷേപം കിട്ടിയിട്ട് അതു് സംബന്ധിച്ചു് വല്ല അന്വേഷണവും നടത്തിയോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്വേഷണം നടത്തിയില്ല. ആക്ഷേപം പറഞ്ഞ ആളുകൾ അസത്യം പറയുന്നു എന്നു് വിചാരിക്കാൻ കാരണമുണ്ടായില്ല.

ശ്രീ. എ. എം. തോമസ് : അതു് സംബന്ധിച്ചു് എന്തെങ്കിലും കേസ്സുകൾ വല്ലതും പിടിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: കൊച്ചിയിലും പെർമിറ്റ് കൂടാതെ അരി കൊണ്ടു പോകുന്നതിനു് അനുവദിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റി ആലോചിക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. വി. ചാക്കോ: ഒരു താലൂക്കിൽനിന്നും മറ്റൊരു താലൂക്കിലേയ്ക്കു് അരി കൊണ്ടുപോകാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു പെർമിറ്റ് വേണം.

Sahib Bahadur A. Abdul Razaak: Are Government aware that in view of the hopeless stuff in the City, very many hon'ble members of the Assembly bring their own rice from their homes?

Sri. Panampilli Govinda Menon: No, I do not know that.

ശ്രീ. ഇട്ടീര അംബുക്കൻ: കൊച്ചിയിൽ ഒരു താലൂക്കിലുള്ള കൃഷിക്കാരനു് മറ്റൊരു താലൂക്കിൽ കൃഷിയുണ്ടെങ്കിൽ രണ്ടു താലൂക്കിലെ തഹശിൽദാരന്മാരുടേയും പെർമിറ്റ് ആവശ്യമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടു പേരുടേയും പെർമിറ്റ് വേണമോ എന്നു് എനിക്കറിവില്ല.

ശ്രീ. വി. കെ. ജോസഫ്: പെർമിറ്റ് കൂടാതെ അരി കൊണ്ടുപോകാൻ പാടില്ലെന്നുള്ള നിയമം ഇവിടേയും നടപ്പിലാക്കുമോ?

(No answer)

STUDY OF HINDI

*657. [19] **Sri. A. M. Thomas:** Will the Hon'ble Minister for Education be pleased to state.—

(*a*) whether the Government intends to make study of Hindi compulsory in the schools in the State; and

(*b*) if so, from which standard?

Sri. Panampilli Govinda Menon:

(*a*) No. But Hindi is an elective third language in the High School Classes according to the Unified course of studies.

(*b*) In view of the answer to part (*a*) this does not arise. The unification of the course of studies and the framing of syllabus will have to be re-examined and the place of Hindi will be decided at that time. That will be done very soon.

ശ്രീ. എ. എം. തോമസ്: ഹിന്ദി പഠിപ്പിക്കുന്ന പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് ഗ്രാന്റ് കൊടുക്കുന്ന കാര്യം ഗവണ്മെണ്ടു് ആലോചിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതുവരെ ആലോചിച്ചിട്ടില്ല. അങ്ങനെ നിവേദനം വന്നാൽ ആലോചിക്കാം.

ശ്രീ. സി. വി. ഇയ്യു: യൂണിഃവഴ്സിറ്റിയിൽ ഹിന്ദി ഐച്ഛികം എടുക്കാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സാധിക്കും.

ശ്രീ. കളത്തിൽ വേലായുധൻനായർ: സ്കൂൾ ഫൈനലും, രാഷ്ട്രഭാഷാവിശാരദും പാസ്സായവക്കു് കിട്ടുന്ന ശമ്പളം സ്കൂൾഫൈനൽ മാത്രം പാസ്സായിട്ടുള്ളവക്കു് കിട്ടുന്നതിൽ നിന്നും കുറവാണെന്നു് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly